"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ്-ബഹു. പീരുമേട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ കോടതി മുമ്പാകെ ശ്രീ.ആന്റണി,ശ്രീമതി.ആലീസ് ആന്റണി എന്നിവർ ഫയൽ ചെയ്ത E.C.C.No.272/2014 കേസിലെ വിധിയിന്മേൽ അപ്പീൽ പോകുന്നതിനായി നഷ്ടപരിഹാരതുക കോടതിയിൽ കെട്ടിവയ്ക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ജലവിഭവ (എം ഐ) വകുപ്പ്**

സ.ഉ.(സാധാ) നം.387/2024/WRD തീയതി,തിരുവനന്തപുരം, 25-05-2024

---

പരാമർശം:-

1. E.C.C.272/2014 നമ്പർ കേസിൽ ബഹു. പീരുമേട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ കോടതിയുടെ 12-10-2023 തീയതിയിലെ വിധിന്യായം
2. സ.ഉ.(സാധാ) നം.156/2024/ജവിവ തീയതി 23-02-2024
3. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 18-04-2024 തീയതിയിലെ CEIA/617/2024-F6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിളിന്റെ 27-05-2011 ലെ 6/SE MICC/2011-12 നമ്പർ കരാർ പ്രകാരമുള്ള NABARD RIDF XVI-Construction of checkdam at Thampurans colony in Peerumedu Panchayath (കരാറുകാരൻ ശ്രീ. ശീമോൻ ജോർജ്ജ്) എന്ന പ്രവൃത്തിയുടെ വർക്ക് സൈറ്റിൽ വെള്ളം നനയ്ക്കുന്നതിനിടെ 05-02-2012-ൽ ഇലക്ട്രിക് ഷോക്കേറ്റ് മരണപ്പെട്ട അനുക്കുട്ടൻ എന്നു വിളിക്കുന്ന ശ്രീ. ജോൺ ആന്റണി എന്ന തൊഴിലാളിയുടെ മാതാപിതാക്കൾ ബഹുമാനപ്പെട്ട പീരുമേട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ കോടതി മുമ്പാകെ E.C.C.No.272/2014-ാം നമ്പരായി ഫയൽ ചെയ്ത കേസിൽ പരാമർശം (1) പ്രകാരം ₹8,06,640/- നഷ്ടപരിഹാരമായി വിധിക്കുകയുണ്ടായി. ശ്രീ.ജോൺ ആന്റണി മരണമടഞ്ഞ 05-02-2012 മുതൽ തുക കോടതിയിൽ കെട്ടിവയ്ക്കുന്ന ദിവസം വരെ ₹8,06,640/- ന് പ്രതിവർഷം 12% നിരക്കിൽ പലിശയും കൂടാതെ ശവസംസ്കാരച്ചെലവിലേയ്ക്ക് ₹10,000/-വും കോടതിച്ചെലവിലേയ്ക്ക് 2,000/- രൂപയും നഷ്ടപരിഹാരത്തുകയിൽ ഉൾപ്പെടുന്നു. മേൽ വിധിക്കുമേൽ അപ്പീൽ സമർപ്പിക്കണമെങ്കിൽ ബഹു. പീരുമേട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ കോടതി മുമ്പാകെ രണ്ടാം എതിർകക്ഷിയായ ഇടുക്കി മൈനർ ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽപ്പറഞ്ഞ ആകെത്തുക കോടതി മുമ്പാകെ കെട്ടി വയ്ക്കണമെന്നും ആയത് മൂന്നാം എതിർകക്ഷിയും കരാറുകാരനുമായ ശ്രീ.ശീമോൻ ജോർജ്ജിൽ നിന്നും ഈടാക്കണമെന്നുമാണ് വിധി. ഭരണാനുമതിയും ഫണ്ടും ലഭ്യമാകുന്ന കാലയളവ് കണക്കിലെടുത്ത് മേൽ കണക്കു പ്രകാരം 29-02-2024 വരെയുള്ള മുൻകൂർ പലിശ ഉൾപ്പെടെ ആവശ്യമായ തുക ₹19,87,155/- അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇടുക്കി മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ ശിപാർശ ചെയ്ത് ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.പരാമർശം2-ലെ സർക്കാർ ഉത്തരവിൻ പ്രകാരം ടി കേസിൽ അപ്പീൽ സമർപ്പിക്കുന്നതിനായി രണ്ടാം എതിർകക്ഷിയായ ഇടുക്കി മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കോടതി മുമ്പാകെ കെട്ടിവയ്ക്കുന്നതിന് 29.02.2024വരെയുള്ള മുൻകൂർ പലിശ ഉൾപ്പെടെ 19,87,155/-രൂപ 4702-00-101-93-01-00-00-P-C എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് വ്യവസ്ഥകളോടെ ഭരണാനുമതി നൽകിയിരുന്നു.

2)കോടതി വ്യവഹാരത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിവക്കേണ്ട തുക ബന്ധപ്പെട്ട ശീർഷകത്തിന്റെ ചാർജ്ഡ് സെഷനിൽ ആണ് അനുവദിച്ച് നൽകേണ്ടത്.എന്നാൽ 2023-2024 സാമ്പത്തിക വർഷത്തെ

അവസാന ഉപധനാഭ്യർത്ഥനയും കഴിഞ്ഞുപോയ സാഹചര്യത്തിൽ മേൽ തുക ചാർജ്ഡ് സെഷനിൽ അനുവദിച്ചാൽ ആയതു ക്രമീകരിക്കുന്നതിന് കഴിയുകയില്ല എന്നതിനാൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർപരാമർശം(3) പ്രകാരം 2024-2025 സാമ്പത്തിക വർഷം പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുകയും ബഹുമാനപ്പെട്ട പീരുമേട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ കോടതി മുമ്പാകെ കെട്ടിവയ്ക്കുന്നതിന് 2024 മെയ് മാസം 31 വരെയുള്ള പലിശയുൾപ്പെടുത്തിക്കൊണ്ടുള്ള തുകയായ ₹20,11,145/- രൂപ (ഇരുപത് ലക്ഷത്തി പതിനൊന്നായിരത്തി ഒരുനൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) 4702-00-101-93-01-00-00-PC എന്ന ശീർഷകത്തിൽ ചെലവഴിക്കുന്നതിന് പുതുക്കിയ ഭരണാനുമതി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം(3) പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ശുപാർശ സമർപ്പിക്കുകയും ചെയ്തു .

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ വിഷയത്തിൽ സർക്കാർ താല്പര്യം ഹനിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി അപ്പീൽ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുകയും സർക്കാരിനുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്നുമുള്ള വ്യവസ്ഥയോടെ ബഹു: പീരുമേട് എംപ്ലോയിസ് കോമ്പൻസേഷൻ കമ്മീഷണർക്കോടതി മുമ്പാകെ E.C.C.No.272/2014-ാം നമ്പരായി ഫയൽ ചെയ്ത കേസിൽ അപ്പീൽ സമർപ്പിക്കുന്നതിനായി രണ്ടാം എതിർകക്ഷിയായ ഇടുക്കി മൈനർ ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കോടതി മുമ്പാകെ കെട്ടി വയ്ക്കുന്നതിന് 2024 മെയ് മാസം 31 വരെയുള്ള പലിശയുൾപ്പെടുത്തിക്കൊണ്ടുള്ള തുകയായ ₹20,11,145/-(ഇരുപത് ലക്ഷത്തി പതിനൊന്നായിരത്തി ഒരുനൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) 4702-00-101-93-01-00-00-PC എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA K
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും),തിരുവനന്തപുരം

എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ ,ഇടുക്കി

അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (നം.2701527/എൻ.സി-എ3/8/2024-ധന തീയതി 05.03.2024)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sandhya S Nair
Date: 25-05-2024 14:57:28
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

ജലവിഭവ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്